# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

RBI/2014-15/633
DBR. AML.BC. No.104/14.01.001/2014-15 ജൂൺ 11, 2015

ഷെഡ്യൂൾഡ് വാണിജ്യബാങ്കുകൾ, റീജിയണൽ ഗ്രാമീണബാങ്കുകൾ ലോക്കൽ ഏരിയാ ബാങ്കുകൾ, അഖിലേന്ത്യാ സാമ്പത്തിക സ്ഥാപനങ്ങൾ, ബാങ്കിംഗിതര ഫൈനാൻസ് കമ്പനികൾ, എല്ലാ പ്രൈമറി അർബൻ സഹകരണബാങ്കുകൾ, സംസ്ഥാനകേന്ദ്ര സഹകരണ ബാങ്കുകൾ, മുൻകൂർ പണം സ്വീകരിക്കുന്ന സേവനദാതാക്കൾ, പേയ്മെന്റു സിസ്റ്റം മുഖേന സേവനംനൽകുന്നവർ, സിസ്റ്റം പങ്കാളികൾ, മണിട്രാൻസ്ഫർ നടത്താൻ നിയമപരമായ അധികാരം ലഭിച്ചിട്ടുള്ളവർ (ഏജന്റുമാരുൾപ്പെടെയുള്ളവർ) എന്നിവയുടെ അദ്ധ്യക്ഷൻ, ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ തുടങ്ങിയവരുടെ ശ്രദ്ധയ്ക്ക്.

## കള്ളപ്പണം വെളുപ്പിക്കൽ നിയമത്തിലെ (റിക്കോർഡുകൾ സൂക്ഷിക്കേണ്ടതിനെ സംബന്ധിച്ച് 2005-ലെ നിയമനുസരിച്ചുള്ള റൂൾസ്) ഭേദഗതികൾ - മേൽവിലാസം തെളിയിക്കാൻ വേണ്ടിവരുന്ന രേഖകൾ.

ലോ റിസ്ക് പണമിടപാടുക്കാർക്ക് നിയമാനുസൃതമായിവേണ്ട തിരിച്ചറിയൽ രേഖകൾ (Officially Valid Documents - OVDs) ഇല്ലാതെവരുന്ന അവസരങ്ങളിൽ സ്വീകരിക്കാവുന്ന ലളിതമായ നടപടികളെ സംബന്ധിച്ച് DBOD.AML.BC.No.26/ 14.01.001/2014-15 ജൂലൈ 17, 2014 - ലെ സർക്കുലറിലെ SR.No. 4 - ന് അനുബന്ധമായുള്ള റൂൾ 14(i) - ലും 2(d) യിലെ സോപാധിക വകുപ്പിലും പറയുന്നു.

2. 'ലളിതമാക്കിയിട്ടുള്ള വ്യവസ്ഥകൾ' എന്ന ഖണ്ഡികയിൽ PML 2(d) റൂളനുസരിച്ച് മേൽവിലാസവും തിരിച്ചറിയലും പരിശോധിക്കുന്നതിൽ ഗവർൺമെന്റ് അയവ് വരുത്തിയിട്ടുണ്ട് ഇതിനു പുറമേ, 2005 ലെ കള്ളപ്പണം വെളുപ്പിക്കൽ നിരോധനം (റിക്കാർഡുകൾ സൂക്ഷിക്കുന്നവയെ സംബന്ധിച്ച്) നിയമത്തിൽ കൂടുതൽ ഇളവുകൾ വരുത്തിയിയ്യുണ്ട്. ഇതനുസരിച്ച് അഡ്രസ്സ് പ്രൂഫ് ആവശ്യമാകുന്ന ഇടങ്ങളിൽ ഇനി പറയുന്ന രേഖകൾ ലളിതമാക്കിയിട്ടുള്ള വ്യവസ്ഥകൾക്കു താഴെ OVDs ആയ് കരുതപ്പെടുന്നതാണ്.

a) രണ്ടുമാസത്തിലധികം പഴക്കമില്ലാത്ത യുട്ടിലിറ്റി ബില്ലുകൾ (ഉദാ: വൈദ്യുതി, ടെലിഫോൺ, പോസ്റ്റ് പെയ്ഡ് മൊബൈൽ ഫോൺ, പൈപ്പു മുഖാന്തിരം ഘടിപ്പിച്ചിട്ടുള്ള വാതകം, വെള്ളക്കരം എന്നിവയുടെ പണമടച്ച രസീതുകൾ)

b) വസ്തുവിന്റേയൊ മുൻസിപാലിറ്റിയുടേയൊ കരമടച്ച രസീത്.

c) ബാങ്ക് അക്കൗണ്ടിന്റേയൊ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റേയൊ സ്റ്റേറ്റ്മെന്റുകൾ.

d) ഗവൺമെന്റ് വകുപ്പിൽ നിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ ലഭിച്ച പെൻഷന്റേയോ, കുടുംബ പെൻഷന്റേയോ വിലാസം രേഖപ്പെടുത്തിയിട്ടുള്ള പെയ്മെന്റ് ഓർഡർ.

e) സംസ്ഥാന ഗവൺമെന്റിൽ നിന്നോ, കേന്ദ്ര ഗവൺമെന്റ് വകുപ്പുകളിൽ നിന്നോ, ഭരണഘടനാനുസൃത നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഷെഡ്യൂൾഡ് വാണിജ്യബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, രജിസ്റ്റേർട് കമ്പനികൾ എന്നിവരോ ഔദ്യോഗിക വസതികൾ അനുവദിച്ച് നൽകിയിട്ടുള്ള ഉത്തരവുകൾ.

f) വിദേശ എംംബസിയോ മിഷൻ ഓഫ് ഇന്ത്യയൊ പുറപ്പെടുവിച്ചിട്ടുള്ള രേഖകൾ

3. എന്നിവ OVDs സമർപ്പിക്കാൻ കഴിയാതെവരുന്ന ലോ റിസ്ക്ക് ഇടപാടുകാരുടെ മേൽ പറഞ്ഞ രേഖകൾ ലളിതമാക്കിയിട്ടുള്ള വ്യവസ്ഥകൾക്കു താഴെ OVDs ആയി കരുതപ്പെടും.

4. ഭേദഗതി വരുത്തിയ PML നിയമങ്ങളുടെ April 15, 2015 - ലെ ഗവൺമെന്റ് ഗസറ്റ് വിഞ്ജാപനത്തിന്റെ (G.S.R.288(E)) പകർപ്പ് ഇതിനോടൊപ്പം വെച്ചിട്ടുണ്ട്.

5. താങ്കളുടെ KYC പോളിസി, മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃ പരിശോധിക്കുകയും അവ കർശനമായും പാലിക്കപ്പെടുന്നുണ്ടെന്നു ഉറപ്പുവരുത്തുകയും ചെയ്യണം.

വിശ്വാസപൂർവ്വം
ലിലി വഡേര
ചീഫ് ജനറൽ മാനേജർ
Encl. മുകളിൽ സൂചിപ്പിച്ചുട്ടുള്ളവ.